# Phone call between Prime Minister ShriNarendraModi and H.E. Giuseppe Conte, Prime Minister of Italy

May 08, 2020

## പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദിയും ഇറ്റലി പ്രധാനമന്ത്രി ശ്രീ ഗ്യൂസെപ്പെ കോണ്ടെയും തമ്മിലുള്ള ഫോൺ കാൾ

മെയ് 08, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി ഇറ്റലി പ്രധാനമന്ത്രിയായ ശ്രീ ഗ്യൂസെപ്പെ കോണ്ടെയും തമ്മിൽ ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കോവിഡ്-19 പകർച്ചവ്യാധി മൂലം ഇറ്റലിയിൽ സംഭവിച്ച ജീവഹാനിയ്ക്ക് പ്രധാനമന്ത്രി അനുശോചനങ്ങൾ അറിയിച്ചു.ഇങ്ങനെയൊരു പ്രതിസന്ധി ഘട്ടത്തിൽ ഇറ്റലിയിലെ പൗരന്മാർ കാണിച്ച ധീരതയെ അദ്ദേഹം അഭിനന്ദിച്ചു.

തങ്ങളുടെ രാജ്യങ്ങളിലും ആഗോളതലത്തിലും പകർച്ചവ്യാധി മൂലമുണ്ടാകുന്ന ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ നേരിടുന്നതിനുള്ള നടപടികൾ ഇരു നേതാക്കളും ചർച്ച ചെയ്തു. ഇവർ പരസ്പരം ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും പരസ്പരം ഇതരരാജ്യത്തിൽ അകപ്പെട്ട പൗരന്മാർക്ക് നൽകിയ സഹകരണത്തെ അഭിനന്ദിക്കുകയും ചെയ്തു.

അത്യാവശ്യ മരുന്നുകൾ മറ്റു വസ്തുക്കൾ എന്നിവയ്ക്കായി സൗകര്യങ്ങൾ ചെയ്യുന്നതിൽ ഇന്ത്യയുടെ അചഞ്ചലമായ പിന്തുണ പ്രധാനമന്ത്രി ശ്രീ കൊണ്ടേയ്ക്ക് വാഗ്ദാനം ചെയ്തു.

ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയും ഇറ്റലിയും തമ്മിലുള്ള സക്രിയമായ പര്യാലോചനകളും സഹകരണവും തുടരുന്നതിന് നേതാക്കൾ സമ്മതിച്ചു.

പ്രധാനമന്ത്രിയെ ഉചിതമാകുന്ന സമയത്ത് ഇറ്റലി സന്ദർശിക്കുന്നതിനല്ല ക്ഷണം ഇറ്റലി പ്രധാനമന്ത്രി ആവർത്തിക്കുകയുണ്ടായി.

**ന്യൂ ഡൽഹി**
**08 മെയ് , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.